പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*402

14.11.2019 -ൽ മറുപടിയ്ക്ക്

# സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ
,, മുരളി പെരുനെല്ലി
,, സി.കൃഷ്ണൻ
,, സജി ചെറിയാൻ :

(എ) റവന്യൂ വകുപ്പിന് കീഴിലുള്ള ഓഫീസുകളുടെ പ്രവർത്തനം നവീന സാങ്കേതിക വിദ്യയുടെ സഹായത്താടെ ആധുനികീകരിച്ച് ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം കാര്യക്ഷമതയോടെ നൽകുന്നുവെന്നുറപ്പാക്കാനുള്ള സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

**ഉത്തരം**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി)

(എ) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ഇതുവരെ 180 വില്ലേജാഫീസുകൾക്കാണ് സ്മാർട്ട് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളത്. അതിൽ 72 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 40 എണ്ണം അന്തിമ ഘട്ടത്തിലുമാണ്.

ഇ-ഡിസ്ട്രിക്ട്, ആർ.ആർ.ഓൺലൈൻ, Re-Lis (റവന്യൂ ലാൻഡ് ഇൻഫർമേഷൻ മിഷൻ), ഇ-പെയ്മെന്റ്, ഇ-ഓഫീസ്, ഇ-പോസ് മെഷീൻ എന്നീ പദ്ധതികളാണ് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തുന്ന ആധുനികവൽക്കരണ പ്രവർത്തനങ്ങൾ.

(ബി) വസ്തു കൈമാറ്റം ഓൺലൈനായി രജിസ്റ്റർ ചെയ്യുന്ന ദിവസംതന്നെ വില്ലേജ് ഓഫീസുകളിൽ നിന്ന് പോക്കുവരവ് ചെയ്തു നൽകുന്നതിനുള്ള സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം ഫലപ്രദമായിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1649 ലും ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ PEARL എന്ന വെബ് ആപ്ലിക്കേഷനും റവന്യൂ വകുപ്പിന്റെ Re-Lis എന്ന വെബ് ആപ്ലിക്കേഷനും സംയോജിപ്പിച്ചിട്ടാണ് ഓൺലൈൻ പോക്കുവരവ് സംവിധാനം സാധ്യമാക്കിയിട്ടുള്ളത്.

ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ, സർവ്വെ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നതിന് ഈ സംവിധാനം വളരെ ഫലപ്രദമായിട്ടുണ്ട്.

(സി) വില്ലേജ് ഓഫീസുകളിൽ നിന്നും താലൂക്ക് ഓഫീസുകളിൽ നിന്നും നൽകേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ അഴിമതിരഹിതമായും സമയബന്ധിതമായും നൽകാനുള്ള ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ കാര്യക്ഷമതയെക്കുറിച്ച് അറിയിക്കാമോ?

(സി) വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. എപ്പോഴും എവിടെ നിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ നൽകുന്നതിനും അവ കൈപ്പറ്റുന്നതിനുമുള്ള ഓൺലൈൻ സംവിധാനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. 25 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസീൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകി വരുന്നു. ആയതിനാൽ വില്ലേജ്/താലൂക്ക് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി.

സെക്ഷൻ ഓഫീസർ